# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.920 12.12.2012-ൽ മറുപടിയ്ക്ക്

**പാരിപ്പള്ളി - പരവൂർ റോഡിൽ ഡിസ്ട്രിബ്യൂഷൻ ലൈൻ സ്ഥാപിക്കുന്ന നടപടി**

| ചോദ്യം<br>ശ്രീ. ജി. എസ്. ജയലാൽ | | മറുപടി<br>ശ്രീ. പി.ജെ ജോസഫ്<br>(ജലവിഭവ വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | മീനാട് ശുദ്ധജല വിതരണ പദ്ധതി (ജപ്പാൻ) പ്രവർത്തനം അനുസരിച്ച് ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ പാരിപ്പള്ളി - പരവൂർ റോഡിൽ ഡിസ്ട്രിബ്യൂഷൻ ലൈൻ സ്ഥാപിക്കുവാൻ ഇനി എത്രകിലോമീറ്റർ ബാക്കിയുണ്ടെന്ന് അറിയിക്കുമോ; എങ്കിൽ പ്രസ്തുത പ്രവൃത്തി ഏതൊക്കെ ഭാഗങ്ങളിലാണ് ശേഷിക്കുന്നത്; | (എ) | മീനാട് പദ്ധതിയുടെ ഭാഗമായി ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ പാരിപ്പള്ളി-പരവൂർ റോഡിൽ 3.2 കി.മീ. പൈപ്പ് ലൈൻ ആണ് സ്ഥാപിക്കാനുള്ളത്. പ്രസ്തുത പ്രവർത്തി പരവൂർ ജംഗ്ഷൻ മുതൽ പുത്തൻകുളം ബ്ലോക്ക് ജംഗ്ഷൻ വരെയുള്ള ഭാഗങ്ങളിലാണ് ശേഷിക്കുന്നത്. |
| (ബി) | മേൽപ്പറഞ്ഞ റോഡ് 103 കോടി രൂപ അടങ്കലിൽ ആധുനിക രീതിയിൽ നവീകരിക്കുന്നതിന്റെ ഭാഗമായി പ്രവർത്തനം തുടങ്ങിയ വിവരം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; പ്രസ്തുത റോഡ് നിർമ്മാണം തുടരുകയാണെങ്കിൽ പൈപ്പ് സ്ഥാപിക്കൽ തടസ്സപ്പെടുവാൻ ഇടവരുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | പ്രസ്തുത റോഡ് നവീകരിക്കുന്ന വിവരം ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. നിർമ്മാണം മൂലം പൈപ്പ് സ്ഥാപിക്കൽ തടസ്സപ്പെടാതിരിക്കുന്നതിനുവേണ്ടി നാല് സ്ഥലങ്ങളിൽ റോഡ് മുറിച്ച് പൈപ്പ് ലൈൻ സ്ഥാപിച്ചിട്ടുണ്ട്. ഇനിയുള്ള റോഡിന്റെ വശങ്ങളിൽ കൂടി പൈപ്പ് സ്ഥാപിക്കലാണ്. ആയതിന് റോഡ് പണി തടസ്സമാകില്ല. |

| | | | |
|---|---|---|---|
| (സി) | എങ്കിൽ പ്രസ്തുത റോഡിലെ പൈപ്പ് സ്ഥാപിക്കലും,കണക്ഷൻ നൽകുന്നതിനുള്ള പ്രാഥമിക സാങ്കേതിക ജോലികളും മുൻകൂട്ടി സമ യബന്ധിതമായി തീർക്കുവാൻ പൊതുമരാമത്ത് വകുപ്പമായി ആലോചിച്ച് നടപടികൾ സ്വീകരിക്കുമോ ? | (സി) | പ്രസ്തുത റോഡിലെ പണി സമയബന്ധിതമായി പൂർത്തീകരിക്കുവാൻ പൊതുമരാമത്ത് വകുപ്പുമായി ആലോചിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ